മിഷൻ 676-പട്ടികവർഗ്ഗ വിഭാഗത്തിന് സമ്പൂർണ്ണ ഭവന പദ്ധതി

359 (699) ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. ജോസഫ് വാഴക്കൻ :
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കായികബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികവർഗ്ഗ വിഭാഗത്തിന് മിഷൻ 676-ൽ ഉൾപ്പെടുത്തി സമ്പൂർണ്ണ ഭവന പദ്ധതി വിഭാവനം ചെയ്തിട്ടുണ്ടോ ; വിശദമാക്കുമോ ;

(ബി) ഇതിനായി എന്തെല്ലാം പദ്ധതികൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നു ; വിശദാംശങ്ങൾ നൽകാമോ ;

(സി) എത്ര പേർക്ക് വീട് നൽകാനാണ് പദ്ധതിയിൽ ഉദ്ദേശിക്കുന്നത് ;

(ഡി) പദ്ധതികൾ ആവിഷ്കരിക്കുന്നതിനും നടപ്പാക്കുന്നതിനും ഭരണ തലത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്തെ സ്വന്തമായി ഭൂമിയുള്ള ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭവന നിർമ്മാണം നടത്തുന്നതിനായി സർക്കാരിന്റെ മിഷൻ 676 പദ്ധതിയിൽപ്പെടുത്തി സമ്പൂർണ്ണ ഭവന നിർമ്മാണ പദ്ധതി വിഭാവനം ചെയ്തിട്ടുണ്ട്.

(ബി & സി) പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ജനറൽ ഹൗസിംഗ് പദ്ധതിയിലുൾപ്പെടുത്തി 2000 വീടുകൾ നിർമ്മിക്കുന്നതിനും ഹഡ്കോയിൽ നിന്നും ലഭ്യമാക്കുന്ന വായ്പ ഉപയോഗിച്ച് 2000 വീടുകളും ഐ.എ.വൈ. പദ്ധതി പ്രകാരം 9337 വീടുകളുമുൾപ്പെടുത്തി ടി പദ്ധതി പൂർത്തിയാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

(ഡി) പഞ്ചായത്തുതലത്തിൽ സ്പെഷ്യൽ ഗ്രാമസഭ വിളിച്ചുചേർത്ത് ഭവനരഹിതരുടെ പട്ടിക തയ്യാറാക്കി ഓരോ ഗ്രാമത്തിലെയും മുഴുവൻ ഭവന രഹിതർക്കും വീട് ലഭിക്കുന്ന രീതിയിൽ അടുത്ത 2 വർഷം കൊണ്ട് എല്ലാവർക്കും വീട് നൽകുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly